**കേരള സർക്കാർ**

ജലവിഭവ വകുപ്പ്

(ദർഘാസ് പരസ്യം)

**നം. പി.പിഎസ്.ഡി/ഡി.ബി 2/17-18.** **തീയതി. 15-03-2018**

കേരള ഗവർണ്ണർക്കു വേണ്ടി പാമ്പാർ പ്രോജക്ട് സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറയൂർ കാര്യാലയത്തിൽ നിന്ന താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് നിർദ്ദിഷ്ടയോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മുദ്രവച്ചതും പ്രവർത്തിയുടെ പേരും നമ്പരും ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ദർഘാസ് ദിവസം (23.03.2018) 2.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00 മണിക്ക് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും. പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ടു പിന്നിടുള്ള പ്രവർത്തി ദിവസം ടി സമയത്ത് ദർഘാസുകൾ തുറക്കുന്നതുമാണ്. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളു. കൊറിയർ സർവ്വീസ് വഴി അയക്കുന്നതോ നേരിട്ടോ നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെൻറ് യാതൊരു ഉത്തരവാദിത്വവും എടുക്കുന്നതല്ല. ദർഘാസിൻെറ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ 3 മാസം വരെ ആയിരിക്കും.

| ക്രമ നം. | ദർഘാസ് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരതദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിൻെറ വില (രൂപ) | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1. | 3/എ.ഇ.ഇ/17-18 | പാമ്പാർ നദീതടം - തലയാർ സ്കീമിൽ ഉൾപ്പെട്ട അപ്പർ ചട്ടമൂന്നാർ, ലോവർ ചട്ടമൂന്നാർ ഡാമുകളുടെ റിസർവെയർ ഏരിയയുടെ അതിർത്തികല്ലുകൾ സ്ഥാപിക്കുന്നപ്രവൃത്തി. | 76,000/- | 1,900/- | 500/- + ജി.എസ്.റ്റി | 3 മാസം |

ദർഘാസ് ഫോറത്തിൻെറ വിൽപ്പന ; താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 21.03.2018, 10 എ.എം മുതൽ 22.03.2018, 1.00 പി.എം വരെ

കരാറുകാരൻെറ വിഭാഗം ; സി-യും അതിനു മുകളിലും

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ; 23.03.2018, 2.00 പി.എം വരെ

ദർഘാസ് തുറക്കൽ ; 23.03.2018, 3.00 പി.എം

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുൻപായി ദർഘാസ് ഫോറത്തിൻെറ വില ട്രഷറിയിൽ അടച്ച ചെലാൻ രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനു വേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിൻെറ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്ര എന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും അായത് ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻെറ അസ്സൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികളുടെ ആകെ അടങ്കൽതുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനൊപ്പം 200 (ഇരുന്നൂറ്) രൂപയുടെ മുദ്രപ്പത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി, ടി.ആർ 5 രസീതിയോ അതിൻെറ പകർപ്പോ എന്നിവ വെക്കാത്ത ദർഘാസുകളും കവറിൻെറ പുറത്ത് പ്രവർത്തിയുടെ പേരും നമ്പരും എഴുതാത്ത ദർഘാസുകളും നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധ) 582/2012/ഡബ്ളിയു.ആർ.ഡി തിരുവനന്തപുരം തീയതി 18.05.2012 ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിങ്ങ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരൻെറ അക്കൗണ്ട് നമ്പരും ഐ.എഫ്.എസ് കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച് ജലവിഭവ/പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തിദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

**ബേസിൽ പോൾ**
**അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**ബഹു. കേരള ഗവർണ്ണർക്കു വേണ്ടി**

**പാമ്പാർ പ്രോജക്സ് സബ് ഡിവിഷൻ**
**അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം**
**മറയൂർ**
**തീയതി. 15.03.2018**